/105423/2023

DWCD/3634/2023-E8

വനിത-ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :13-07-2023
Email -wcdestablishment2017@gmail.com
Phone : 0471 – 2346534

## സർക്കുലർ

വിഷയം: വനിത-ശിശു വികസന വകുപ്പ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരിൽ നിന്നും ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1/ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1 തസ്തികയിലെ നിയമനം - അഡ്ഹോക് ഡിപിസി ലോവർ ക്കൂടുന്നതിനായി കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്:

സൂചന:
1) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻറെ OA 299/2023 കേസിൻറെ 05.06.2023 തീയതിയിലെ വിധിന്യായം.
2) GO(MS) No.6/2021 /SJD dtd.15.02.2021

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻറെ OA 299/2023 കേസിന്റെ 05.06.2023 ലെ വിധിന്യായത്തിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1/ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1 തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് ഒരു അഡ്ഹോക് ഡിപിസി കൂടണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട വനിത-ശിശു വികസന വകുപ്പിലെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1/ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1 തസ്തികയിലേക്ക് ജീവനക്കാരുടെ സ്ഥാനക്കയറ്റ വ്യവസ്ഥകൾ താത്ക്കാലികമായി നിശ്ചയിച്ച് മേൽ സൂചന (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിൻ പ്രകാരം സൂപ്രണ്ട് വെൽഫയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് 2, ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 2 തസ്തികകളിൽ നിന്ന് സ്ഥാനക്കയറ്റം വഴിയും (കാറ്റഗറി 1) വകുപ്പിലെ ജൂനിയർ സൂപ്രണ്ട്, സ്റ്റോർ കീപ്പർ കം ലോജിസ്റ്റിക് ഓഫീസർ, ന്യൂട്രീഷനിസ്റ്റ്, പ്രീ സ്കൂൾ എഡ്യൂക്കേഷനിസ്റ്റ്, ഹെൽത്ത് എഡ്യൂക്കേഷനിസ്റ്റ്, സോഷ്യോളജിസ്റ്റ് എന്നീ തസ്തികകൾ ഉൾപ്പെട്ട കോമൺ സീനിയോറിറ്റി ലിസ്റ്റ് വഴിയും (കാറ്റഗറി 2) **11 : 3** എന്ന അനുപാതത്തിൽ മേൽ പറഞ്ഞിട്ടുള്ള ഇരു ഗ്രൂപ്പുകളിൽ നിന്നും പ്രൊമോഷൻ/ബൈട്രാൻസ്ഫർ നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ഇപ്രകാരം രണ്ടാം കാറ്റഗറിക്കായി മാറ്റിവച്ചിട്ടുള്ള ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1/ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1 തസ്തികകളിലേക്കുള്ള പ്രൊമോഷൻ/ബൈട്രാൻസ്ഫർ നിയമനത്തിനായി പ്രസ്തുത സീനിയോറിറ്റി ലിസ്റ്റുകളുടെ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ നിന്നും ഓപ്ഷനും കൂടാതെ 2020, 2021, 2022 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടും സെൽഫ് അസ്സസ്സ്മെൻറും സമർപ്പിക്കുന്നതിന് ചുവടെ പറയുന്ന പ്രകാരം നിർദ്ദേശവും സമയക്രമവും പുറപ്പെടുവിക്കുന്നു.

വനിത-ശിശു വികസന വകുപ്പിലെ ജൂനിയർ സൂപ്രണ്ട് സ്റ്റോർ ജൂനിയർ സൂപ്രണ്ട് സ്റ്റോർ കീപ്പർ കം ലോജിസ്റ്റിക് ഓഫീസർ, ന്യൂട്രീഷണിസ്റ്റ്, പ്രീസ്കൂൾ എഡ്യൂക്കേഷനിസ്റ്റ്, ഹെൽത്ത് എഡ്യൂക്കേഷനിസ്റ്റ്, സോഷ്യോളജിസ്റ്റ് എന്നീ തസ്തികകളിൽ സേവനമനുഷ്ഠിച്ച് വരികയും, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്1/ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ്1 തസ്തികയിലേക്ക് ഓപ്ഷൻ സമർപ്പിക്കുന്ന ജീവനക്കാർ 2020, 2021, 2022 (ഡിസംബർ 31 വരെ) വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടും സെൽഫ് അസ്സസ്സ്മെൻറും സമർപ്പിക്കേണ്ടതാണ്.

മുൻകാലങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റുകളിൽ ഉൾപ്പെട്ടവരും എന്നാൽ വിവിധ കാരണങ്ങളാൽ മുൻ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടാൻ കഴിയാതെ പോയതുമായ ജൂനിയർ സൂപ്രണ്ട്, സ്റ്റോർ കീപ്പർ കം ലോജിസ്റ്റിക് ഓഫീസർ,

ന്യൂട്രീഷണിസ്റ്റ്, പ്രീസ്കൂൾ എഡ്യൂക്കേഷനിസ്റ്റ്, ഹെൽത്ത് എഡ്യൂക്കേഷനിസ്റ്റ്, സോഷ്യോളജിസ്റ്റ് തസ്തികകളിലെ ജീവനക്കാർ നിലവിൽ സർവ്വീസിൽ തുടരുന്നുവെങ്കിൽ പ്രസ്തുത ജീവനക്കാർക്കും കോൺഫിഡൻഷ്യൽ റിപ്പോർട്ടും സെൽഫ് അസസ്മെൻറും ഇപ്പോൾ സമർപ്പിക്കാവുന്നതാണ്. അത്തരത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്ന ജീവനക്കാർ പ്രസ്തുത വിവരം ആമുഖ കത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

ജീവനക്കാർ 2020, 2021, 2022 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ കലണ്ടർ വർഷക്രമത്തിൽ തയ്യാറാക്കി റിപ്പോർട്ടിംഗ്, റിവ്യൂവിംഗ് എന്നിവയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകൾ വരുത്തി പരിപത്ര തീയതി മുതൽ 7 ദിവസത്തിനകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ജീവനക്കാർ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവിന്റെ പകർപ്പ്, സേവനപുസ്തകത്തിന്റെ ആദ്യപേജിന്റെ പകർപ്പ് എന്നിവ കോൺഫിഡൻഷ്യൽ റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർ സമർപ്പിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളുടെ റിപ്പോർട്ടിംഗ് ഓഫീസർ സിഡിപിഒ/സീനിയർ സൂപ്രണ്ട്/ജില്ലാ വനിത ശിശു വികസന ഓഫീസർ/പ്രോഗ്രാം ഓഫീസർ എന്നിവരും, റിവ്യൂവിംഗ് ഓഫീസർ ജില്ലാ വനിതാ-ശിശു വികസന ഓഫീസർ/അസിസ്റ്റൻറ് ഡയറക്ടർ/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരും ആയിരിക്കും.

ജീവനക്കാർ സമർപ്പിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളുടെ കാലയളവ് ഓരോ റിപ്പോർട്ടിന്റെയും ഒന്നാം പുറത്ത് നിശ്ചിത സ്ഥലത്ത് വ്യക്തമായി രേഖപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മുൻ വർഷങ്ങളിൽ (2020, 2021) കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ള ജീവനക്കാർ 2022 ലെ റിപ്പോർട്ട് മാത്രം സമർപ്പിച്ചാൽ മതിയാകും. പ്രസ്തുത ജീവനക്കാർ ഈ കാര്യാലയത്തിലെ ഇ8 സെക്ഷനുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിൽ അപാകത ഇല്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അപാകത ഉള്ള പക്ഷം പ്രസ്തുത കാലയളവിലേക്ക് പുതിയ കോൺഫിഡൻഷ്യൽ റിപ്പോർട്ടും സെൽഫ് അസസ്മെൻറും സമർപ്പിക്കേണ്ടതാണ്.

എല്ലാ ജീവനക്കാരും 2021, 2022 വർഷത്തെ Confidential Reports നിർബന്ധമായും മാനുവൽ ആയും SCORE പോർട്ടൽ മുഖേനയും സമർപ്പിക്കേണ്ടതാണ്. ഓപ്ഷനും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളും ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ടെന്ന വിവരം ഇ8 സെക്ഷനുമായി ബന്ധപ്പെട്ട് ഉറപ്പ് വരുത്തേണ്ടതാണ്. ഓപ്ഷൻ ഫോം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പരിപത്ര തീയതി മുതൽ 7 ദിവസത്തിനകം കോൺഫിഡൻഷ്യൽ റിപ്പോർട്ടും സെൽഫ് അസസ്മെൻറും സമർപ്പിക്കാത്തവരെയും അപാകതയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നവരെയും ഒരു അറിയിപ്പ് കൂടാതെ തന്നെ ഒഴിവാക്കി അഡ്ഹോക് ഡിപിസി (ലോവർ) കൂടുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

PRIYANKA G

വനിത-ശിശുവികസന ഡയറക്ടർ

പകർപ്പ്: 1) ബന്ധപ്പെട്ട ജീവനക്കാർക്ക്

2) എല്ലാ കീഴ് കാര്യാലയങ്ങൾക്കും

3) സൂപ്രണ്ട്, ഐ. റ്റി. സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്) ]

4) സ്റ്റോക്ക് ഫയൽ സ്പെയർ

Signed by Priyanka G
Date: 13-07-2023 15:10:15